➯ അതല്ലെങ്കിൽ വിഷം കുടിച്ചു മരിക്കണം ➯

*കൊള്ളരുതായ്മകളുടെ ഒരു ശ്രേണിയാണ് ഭീകരവാദം; മറ്റൊന്നാണ് പുരോഗതി.*
*-അരുന്ധതി റോയ്*

# ഒരു ജനാധിപത്യരാജ്യത്തെ മനുഷ്യാവകാശ ലംഘനങ്ങൾ

ഡോ. സായിബാബയുടെ ജാമ്യാപേക്ഷ തള്ളിയ കോടതി നടപടികളെ വിമർശിച്ചുകൊണ്ട് ഔട്ട്‌ലുക്ക് മാസികയിൽ ലേഖനം എഴുതിയതിന്റെ പേരിൽ അരുന്ധതി റോയ്ക്ക് ക്രിമിനൽ കോടതിയലക്ഷ്യ നോട്ടീസ് നൽകിയ ബോംബെ ഹൈക്കോടതിയുടെ നടപടി ജനാധിപത്യവിരുദ്ധവും നീതിന്യായവ്യവസ്ഥയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്നതുമാണെന്ന്

**സി.വി. സുകുമാരൻ**

പുരാതന ഗ്രീസിലെ ഏഥൻസിൽ 2000 വർഷങ്ങൾക്ക് മുൻപ് ഒരു മനുഷ്യൻ ഉണ്ടായിരുന്നു. സോക്രട്ടീസ് എന്നായിരുന്നു അയാളുടെ പേര്. തന്റെ സഹചാരികളോടും സുഹൃത്തുക്കളോടും അയാൾ എപ്പോഴും ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരുന്നു. അയാളുടെ നടപടികൾ അഥീനിയൻ സർക്കാറിന് ഇഷ്ടപ്പെട്ടില്ല. അവരയാളെ വിചാരണ ചെയ്ത് മരണശിക്ഷ വിധിച്ചു. ചർച്ചകളും മറ്റും അവസാനിപ്പിക്കാമെങ്കിൽ വെറുതെ വിടാമെന്ന് സോക്രട്ടീസിനോട് പറഞ്ഞു. അതല്ലെങ്കിൽ വിഷം കുടിച്ചു മരിക്കണം. അപ്പോൾ സോക്രട്ടീസ് കുറ്റപ്പെടുത്തിയവരോടും ന്യായാധിപരോടും പറഞ്ഞു: "വളരെയധികം നന്ദി അഥീനിയരേ! പക്ഷേ ശ്വാസവും ശക്തിയുമുള്ളിടത്തോളം ഞാൻ തത്വശാസ്ത്രങ്ങൾ കൈവിടുകയില്ല. കണ്ണിൽ കാണുന്നവരോടൊക്കെ ഞാൻ ഇനിയും സംസാരിക്കും. അറിവുണ്ടാക്കുന്നതിലും ആത്മനവീകരണത്തിലും ശ്രദ്ധിക്കാതെ പണത്തിനും ബഹുമതികൾക്കും പുറകേ പോകാൻ നിങ്ങൾക്കു നാണമില്ലേ? മരണമെന്നാൽ എന്തെന്ന് എനിക്കറിയാം. ഒരു പക്ഷേ അത് നല്ലതിനായിരിക്കും. എനിക്കതിൽ ഭയമില്ല. പക്ഷേ, ഒരാൾക്ക് പറയാനുള്ളതിനെ അവഗണിക്കുന്നതു ശരിയല്ല. എനിക്കറിയാകുന്ന തെറ്റുകളേക്കാൾ ശരികൾക്കാണ് ഞാൻ മുൻഗണന നൽകുന്നത്."

ശാന്തതയോടെ അയാൾ വിഷം കഴിച്ചു; മരിച്ചു. ഭൂമിയിൽ മനുഷ്യനുള്ളിടത്തോളം സോക്രട്ടീസ് അവരുടെ ഹൃദയങ്ങളിൽ നിലനിൽക്കും. അദ്ദേഹത്തെ കുറ്റപ്പെടുത്തിയവരും ന്യായാധിപരുമാവട്ടെ എത്രയോ മുൻപേ വിസ്മൃതരായി! സോക്രട്ടീസിനെ ഏവർക്കുമറിയാം. അദ്ദേഹത്തെ മരണശിക്ഷക്കു വിധിച്ച ന്യായാധിപരെ ആര് ഓർക്കുന്നു.

സോക്രട്ടീസിന്റെ ഇടപെടലുകളെ വെറുത്തിരുന്ന അഥീനിയൻ സർക്കാറിനെ പോലെ, ആദിവാസികളുടെ അവകാശങ്ങൾക്കും ജനാധിപത്യ ഇന്ത്യയുടെ കിരാത നിയമങ്ങളാൽ ചവിട്ടിമെതിക്കപ്പെടുന്ന ദരിദ്രർക്കും വേണ്ടി പോരാടുന്നവരെ ഇന്ത്യാ ഗവൺമെന്റിനും ഇഷ്ടമല്ല. നക്സൽവിരുദ്ധ നടപടികൾ എന്ന പേരിൽ ഭരണകൂടത്തിന്റെ സഹായത്തോടെ ആദിവാസികൾക്കു മേൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ ഡോ.

മുൻ ജെ.എൻ.യു വിദ്യാർത്ഥിയാണ് ലേഖകൻ. (കടപ്പാട്: കൗണ്ടർ കറന്റ്സ്).
പരിഭാഷ: അജിതൻ



2015 മെയ് 18 ലെ ഔട്ടലുക്ക് മാസികയിൽ അരുന്ധതി റോയിയുടെ ലേഖനത്തോടൊപ്പം പ്രസിദ്ധീകരിച്ച ജി.എൻ. സായിബാബയുടെ ഭാര്യ വസന്തയുടെ ചിത്രം. (വീട്ടിലെ അദ്ദേഹത്തിന്റെ വായനാമുറി).

പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനം, എസ്സാർ സ്റ്റീൽസിന്റെ പുതിയ പ്ലാന്റ് വരുന്ന ബീജാപൂരും ദൈറാഗഡ് ബ്ലോക്കുകളുമായിരുന്നു.

ഭരണകൂട പിന്തുണയോടെ നിരവധി കൊലകൾക്കും തീയിടലുകൾക്കും കാരണക്കാരായ, ആയിരക്കണക്കിനാളുകളെ വഴിയാധാരമാക്കിയ സാൽവാജുദത്തിന് നേതൃത്വം കൊടുത്തത് മഹേന്ദ്ര കർമ്മയെന്ന കോൺഗ്രസ് എം. എൽ.എയാണ്..."

ബസ്തറിൽ സാൽവാജുദത്തിന് നേതൃ ത്വം നൽകുകയും നിസ്സഹായരായ ജനങ്ങളെ ഭീതിപ്പെടുത്തുകയും ചെയ്ത പോലീസുദ്യോഗസ്ഥരും രാഷ്ട്രീയക്കാരും രാജ്യദ്രോഹത്തിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെടില്ല. ഇന്ത്യയിലെ ദരിദ്ര ജനങ്ങളെ സഹായിച്ച, ഭരണകൂടാഭിമുഖ്യത്തിലുള്ള കൊള്ളരുതായ്മകളെ പുറത്തുകൊണ്ടുവന്ന ബിനായക് സെന്നിനെ പക്ഷേ ജയിലിലടച്ചു, ജാമ്യം നിഷേധിച്ചു, ഇതേ കാരണങ്ങളാൽ ഡോ. സായിബാബയ്ക്കും ഇതു തന്നെ സംഭവിച്ചു.

2015 മെയ് 18 ലെ ഔട്ടലുക്ക് മാസികയിൽ 'പ്രൊഫസർ, യുദ്ധത്തടവുകാരൻ' എന്ന ലേഖനത്തിൽ അരുന്ധതി റോയി എഴുതുന്നു. "ദൽഹി സർവ്വകലാശാലയിൽപ്പെട്ട രാംലാൽ ആനന്ദ് കോളേജിലെ ജോലി കഴിഞ്ഞു മടങ്ങവേ ഡോ. സായിബാബ എന്ന ഇംഗ്ലീഷ് പ്രൊഫസറെ ഏതോ അജ്ഞാതർ തട്ടിക്കൊണ്ടുപോയിട്ട് മെയ് 9 ന് ഒരു വർഷം തികയുന്നു. ഭർത്താവിനെ ഫോണിൽ വിളിച്ചിട്ടും കിട്ടാതെ ഡോ. സായിബാബയുടെ ഭാര്യ വസന്ത പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. തുടർന്ന് അജ്ഞാതർ മഹാരാഷ്ട്ര പോലീസാണെന്നും, തട്ടിക്കൊണ്ടുപോകൽ അറസ്റ്റുതന്നെയാണെന്നും വെളിവാക്കപ്പെട്ടു. 90 ശതമാനം അംഗപരിമിതനാണ് ഡോ. സായിബാബ. ശാരീരിക സ്ഥിതി കൂടുതൽ വഷളാകാതിരിക്കാൻ വൈദ്യസഹായവും, മരുന്നും, വ്യായാമവും അത്യാവശ്യമുണ്ട്. എന്നിട്ടുപോലും അയാൾ ജയിലിലടയ്ക്കപ്പെട്ടു (ഇപ്പോഴും അവിടെ തന്നെ). പ്രാഥമിക കൃത്യനിർവ്വഹണത്തിനു പരസഹായമില്ലാതെ മുട്ടിലിഴഞ്ഞ് കാര്യങ്ങൾ നടത്തേണ്ടി വരുന്നു. യു.എ.പി.എ

ബിനായക് സെൻ പുറത്തുകൊണ്ടുവന്നു. അതുകൊണ്ടു മാത്രം, നീതിന്യായ വ്യവസ്ഥയുടെ പിന്തുണയോടെ സർക്കാർ അദ്ദേഹത്തെ വേട്ടയാടി. സാൽവാജുദത്തിന്റെ ഭയാനകമായ പ്രവൃത്തികൾ നോക്കൂ. 'ബ്രോക്കൺ റിപ്പബ്ളിക്ക്' എന്ന പുസ്തകത്തിൽ അരുന്ധതി റോയി എഴുതുന്നു: "2005 ജൂണിൽ മുഖ്യൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി, മഹേന്ദ്ര കർമ്മ സാൽവാജുദം പ്രഖ്യാപിച്ചു. നാസി വികാരങ്ങളുടെയും ഗോത്രവന്യതയുടെയും സവിശേഷമായ മിശ്രണം. സാൽവജുദം ഒരു നിലമൊരുക്കൽ പ്രക്രിയയായിരുന്നു. നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി ഗ്രാമീണരെ വഴിയോര ക്യാമ്പുകളിലേക്ക് കുടിയൊഴിപ്പിച്ചു. ക്യാമ്പുകളിലേക്ക് പോകാൻ കൂട്ടാക്കാത്തവരെ മാവോയിസ്റ്റുകളായി മുദ്രകുത്തി. അങ്ങനെ ബസ്തറിൽ സ്വൈര്യജീവിതം നയിച്ചുകൊണ്ടിരുന്ന സാധാരണക്കാരുടെ സ്ഥിതി ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടേതുപോലെയായി. 2005 ജൂണിനും ഡിസംബറിനുമിടയിൽ തെക്കൻ ദന്തെവാദയിലെ നൂറുകണക്കിനു ഗ്രാമങ്ങളിൽ, സാൽവജുദം ചുട്ടെരിച്ചും, കൊന്നും, ദ്രോഹിച്ചും തേർവാഴ്ച നടത്തി. ഈ

അനുസരിച്ച് സെക്ഷൻ 13 (നിയമവിരുദ്ധമായി സംഘം ചേരൽ), സെ.18 (ഗൂഡാലോചന, ഭീകരപ്രവർത്തനങ്ങൾക്ക് മുതിരൽ), സെ.20 (ഭീകരസേനയിൽ അംഗമാകൽ), സെ.38 (ഭീകരപ്രവർത്തനങ്ങളിൽ പങ്കാളിയാകൽ), സെ. 39 (ഭീകരപ്രവർത്തനങ്ങൾക്ക് പിന്തുണ സമാഹരിക്കൽ) എന്നിവയൊക്കെയാണ് അദ്ദേഹത്തിൽ ആരോപിതമായിട്ടുള്ള കുറ്റങ്ങൾ. ഡോ. സായിബാബയുടെ വിചാരണ ഇനിയും ആരംഭിച്ചിട്ടില്ല. തുടങ്ങിയാൽ തന്നെ അത് മാസങ്ങളോ വർഷങ്ങളോ എടുത്തേക്കാം. ഇവിടത്തെ ചോദ്യം ഇതാണ്, 90ശതമാനം വൈകല്യമുള്ള ഒരാളെ ഇത്രയും കാലം നിഷ്ഠൂരമായി ജയിലിൽ അടച്ചിടാമോ?

അംഗപരിമിതരുടെ അന്താരാഷ്ട്ര ധാരണകളിൽ ഇന്ത്യ പങ്കാളികളായിട്ടും, അതിദീർഘമായ വിചാരണകളിൽ നിന്നും അവരെ ഇന്ത്യൻ നിയമം തന്നെ വിലക്കിയിട്ടും, ഡോ. സായിബാബയുടെ ജാമ്യം രണ്ടുതവണ കോടതിയിൽ നിഷേധിക്കപ്പെട്ടു. അദ്ദേഹം കുറ്റക്കാരനാണോ അല്ലയോ എന്നുള്ളത് കോടതി തീരുമാനിക്കട്ടെ. അദ്ദേഹത്തിന്റെ ജാമ്യക്കാര്യം മാത്രം ഇവിടെ ശ്രദ്ധിക്കാം. കാരണം ഏതാണ്ടൊരു ജീവൻമരണ പ്രശ്നമാണ് അദ്ദേഹത്തിനിത്. സായിബാബക്കെതിരായ കുറ്റങ്ങൾ എന്തൊക്കെയായാലും ജാമ്യം ലഭിക്കുമോ? മുമ്പ് ജാമ്യം ലഭിച്ചിട്ടുള്ള ചില പ്രമുഖ പൊതുപ്രവർത്തകരുടെയും സർക്കാരുദ്യോഗസ്ഥരുടെയും പേരുകൾ ഇതാ. 2002 ലെ നരോദപാട്യ കൂട്ടക്കൊലക്ക് നേതൃത്വം കൊടുത്തതിന് ശിക്ഷിക്കപ്പെട്ട ബാബു ബജ്റംഗിക്ക് ജാമ്യം ലഭിച്ചു. പട്ടാപ്പകൽ 97 പേരാണ് അന്ന് കൊലചെയ്യപ്പെട്ടത്. 2015 ഏപ്രിൽ 23 ന് ഒരു അടിയന്തര നേത്രശസ്ത്രക്രിയയ്ക്കായാണ് അയാൾക്ക് ജാമ്യം അനുവദിച്ചത്. ചെയ്ത കുറ്റത്തെക്കുറിച്ച് ബാബു ബജ്റംഗിയുടെ സ്വന്തം വാക്കുകൾ തന്നെ നോക്കൂ... “ഒരൊറ്റ മുസ്ലീം കടകളും ഞങ്ങൾ ഒഴിവാക്കിയില്ല.  എല്ലാം ഞങ്ങൾ ചുട്ടെരിച്ചു, കൊന്നു. അവറ്റകൾ തീയിൽ സംസ്കരിക്കപ്പെടാൻ ആഗ്രഹിക്കാത്തതുകൊണ്ട് ചുട്ടുകൊല്ലാമെന്ന് ഞങ്ങൾ കരുതി. അവർക്കത് ഭയമാണ്. ഒക്കെത്തിനെയും കൊന്നുകഴിഞ്ഞപ്പോൾ എനിക്ക് മഹാറാണാ പ്രതാപിനെപ്പോലെ തോന്നി” – *തെഹൽക്ക, 2007 സെപ്തംബർ*

ഗുജറാത്തിലെ മോദി മന്ത്രിസഭയിൽ അംഗമായിരുന്ന കോഡ്നാനിക്ക് 2014 ജൂലായ് 30 ന് ഗുജറാത്ത് ഹൈക്കോടതി ജാമ്യം അനുവദിച്ചു. മുൻപുപറഞ്ഞ നരോദപാട്യ നരഹത്യയുടെ നിർണ്ണായക ശക്തിയായിരുന്ന അവരെ 28 വർഷത്തേക്കാണ് ശിക്ഷിച്ചിരുന്നത്. ഭിഷഗ്വരയായ അവർക്ക് ക്ഷയം, ഹൃദ്രോഗം, വിഷാദ രോഗം എന്നിവയുടെ പേരിലാണ് ജാമ്യം കൊടുത്തത്. പിന്നീട് ശിക്ഷ തന്നെയും റദ്ദാക്കപ്പെട്ടു. മോദി മന്ത്രിസഭയിലെ മുൻ മന്ത്രി അമിത് ഷാ, മൂന്നുപേരുടെ (സെഗ്റാബുദ്ദീൻ ഷെയ്ക്ക്, ഭാര്യ കൗസർബി, തുൾസിറാം പ്രജാപതി) കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ചു എന്ന പേരിൽ 2010 ജൂലായിൽ അറസ്റ്റ് ചെയ്യപ്പെട്ടു. കൊല്ലപ്പെടും മുമ്പുവരെ അനധികൃതമായി അവരെ പിടിച്ചുവച്ച പോലീസുദ്യോഗസ്ഥരുമായി അമിത്ഷാ നിരന്തരം ബന്ധപ്പെട്ടതിന്റെ ഫോൺ രേഖകൾ സി.ബി.ഐ സമർപ്പിച്ചു. അറസ്റ്റിനു മൂന്നുമാസങ്ങൾക്കു ശേഷം അദ്ദേഹത്തിന് ജാമ്യം ലഭിച്ചു. (പിന്നീട് നിരവധി ഗൂഢവും വിഹ്വലപ്പെടുത്തുന്നതുമായ സംഭവങ്ങൾക്കു ശേഷം എല്ലാ കുറ്റങ്ങളിൽ നിന്നും അദ്ദേഹം ഒഴിവാക്കപ്പെട്ടു.) ഇപ്പോൾ ബി.ജെ.പി യുടെ അദ്ധ്യക്ഷനും, പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ വലംകൈയ്യുമാണ് അദ്ദേഹം”.

> നീതിന്യായ വ്യവസ്ഥയോടുള്ള ഏതെങ്കിലും പ്രകോപനപരവും അവഹേളനാപരവുമായ വാദങ്ങൾ ഈ വരികളിൽ നിങ്ങൾ കണ്ടുവോ? പക്ഷേ, പ്രകോപനാപരവും അവഹേളനാപരവുമായ ആരോപണങ്ങൾ അരുന്ധതി റോയി നീതിന്യായ വ്യവസ്ഥക്കെതിരെ നടത്തിയെന്ന ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ചിലെ ജസ്റ്റിസ് എ.ബി ചൗധരിയുടെ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തുന്നു.

അരുന്ധതി റോയിയുടെ ലേഖനത്തിൽ നിന്നും ഞാൻ എടുത്തെഴുതിയത് നീണ്ടുപോയെന്നറിയാം. പ്രിയ വായനക്കാരേ, നീതിന്യായ വ്യവസ്ഥയോടുള്ള ഏതെങ്കിലും പ്രകോപനപരവും അവഹേളനാപരവുമായ വാദങ്ങൾ ഈ വരികളിൽ നിങ്ങൾ കണ്ടുവോ? പക്ഷേ, പ്രകോപനാപരവും അവഹേളനാപരവുമായ ആരോപണങ്ങൾ അരുന്ധതി റോയി നീതിന്യായ വ്യവസ്ഥക്കെതിരെ നടത്തിയെന്ന ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ചിലെ ജസ്റ്റിസ് എ.ബി ചൗധരിയുടെ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തുന്നു. ജസ്റ്റിസ് തുടരുന്നു– “അതുമാത്രമല്ല, ജാമ്യാപേക്ഷ തള്ളിക്കൊണ്ടുള്ള ബഹുമാനപ്പെട്ട ജഡ്ജ് എസ്.ബി. ശുക്രയുടെ ഉത്തരവി




അരുന്ധതിയുടെ ലേഖനം വന്ന ഔട്ട്‌ലുക്ക് മാഗസിൻ

ന്റെ പവിത്രതയെ അവർ ബാബുബജ്‌റംഗിയുടെയും മായ കൊഡ്‌നാനിയുടെയും അമിത് ഷായുടെയും കേസുകളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് പരോക്ഷമായി ചോദ്യം ചെയ്യുന്നുമുണ്ട്. കോടതി ഉത്തരവിനെതിരെയുള്ള ഇത്തരം ആരോപണങ്ങൾ, നീതി നിർവ്വഹണത്തിൽ ഇടക്കോലിട്ട് നീതിന്യായവ്യവസ്ഥയുടെ പ്രതിച്ഛായ തകർക്കാനുള്ള സ്വാർത്ഥ ശ്രമമാണെന്നത് അവിതർക്കിതമാണ്." 90% വൈകല്യമുള്ള ഒരാളുടെ ജാമ്യാപേക്ഷ കോടതി തള്ളിയതിനെക്കുറിച്ചുള്ള ഒരാളുടെ അഭിപ്രായ പ്രകടനം എങ്ങനെ നീതിനിർവ്വഹണത്തിലെ ഇടങ്കോലിടലാകും? നീതിവ്യവസ്ഥയുടെ പ്രതിച്ഛായയ്ക്കുമേൽ ആരാണ് കരിവാരിത്തേക്കുന്നത്?

അംഗപരിമിതരുടെ അവകാശങ്ങൾക്കുള്ള അന്താരാഷ്ട്രധാരണകളിൽ ഇന്ത്യ അംഗമായിരുന്നിട്ടും, ഇന്ത്യൻ നിയമങ്ങൾ തന്നെ കുറ്റാരോപിതരായ അംഗപരിമിതരുടെ ദീർഘകാല വിചാരണകളെ വിലക്കിയിട്ടും അവർക്കുള്ള ജാമ്യം നിഷേധിക്കുന്നത് ജഡ്ജിമാരോ അതോ അരുന്ധതിയെപ്പോലുള്ള എഴുത്തുകാരോ? അരുന്ധതി റോയിയുടെ സ്വാർത്ഥതാൽപര്യം എന്താണ്?

ജഡ്ജി തുടരുന്നു: "ഇത് കൃത്യമായും കോടതി അലക്ഷ്യവും, പ്രഥമദൃഷ്ട്യാ അരുന്ധതി റോയിക്കെതിരെ ക്രിമിനൽ കുറ്റത്തിന് ഉടനടി നടപടി തുടങ്ങേണ്ടതുമാകുന്നു."

വിധിന്യായത്തിലൊരിടത്ത് ജഡ്ജി പറയുന്നു, "സർക്കാറിനും പോലീസിനുമെതിരെയുള്ള ലേഖനത്തിൽ എഴുത്തുകാരി ഉപയോഗിക്കുന്ന ഭാഷ അത്യന്തം അരോചകവും ലേഖിക നേടിയിട്ടുണ്ടെന്ന് പറയുന്ന വിഖ്യാതമായ അവാർഡുകളുടെ ഔചിത്യത്തെക്കുറിച്ച് ഒരാൾക്ക് ന്യായമായും സംശയിക്കാവുന്ന തരത്തിലുള്ളതുമാണ്"

ഉത്തരവു പറയുന്നു: "സംസാരസ്വാതന്ത്ര്യത്തിന്റെ പേരിൽ, കേന്ദ്രസർക്കാരിനും, സംസ്ഥാന സർക്കാരിനും, പോലീസിനും, സായുധസേനക്കുമെതിരെ അസഭ്യവർഷം നടത്തുന്ന ലേഖികയുടെ പേരിൽ ഒരു നടപടിപോലും ഇതുവരെയും കൈക്കൊണ്ടിട്ടില്ലെന്നത് ഈ കോടതിയെ അത്ഭുതപ്പെടുത്തുന്നു."

ഡോ. സായിബാബയ്ക്ക് ജാമ്യം നിഷേധിച്ചുകൊണ്ടുള്ള 22 പേജ് വിധിന്യായത്തിൽ 8 പേജിലധികം സ്ഥലവും അരുന്ധതി റോയിക്കും അവരുടെ ലേഖനത്തിനുമെതിരെയാണ് നീക്കിവെച്ചിരിക്കുന്നത്. വായനക്കാർക്ക് തീരുമാനിക്കാം ആരുടെ വാചകമാണ് അരോചകമെന്ന്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിൽ നിഷ്കളങ്കരായ ജനങ്ങളെ കൊല്ലുന്നത് ന്യായീകരിച്ചവർക്ക് ജാമ്യം ലഭിക്കുന്നു. സാൽവജുദം സംഘടിപ്പിച്ച്, കൊല്ലിനും കൊലയ്ക്കും നേതൃത്വം കൊടുത്തവരെ വെറുതെവിടുന്നു. പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നതിന് കോർപ്പറേറ്റ് ലോകത്തിന് മൗനാനുവാദം ലഭിക്കുന്നു. മനുഷ്യാവകാശങ്ങൾ ഹനിക്കപ്പെടുന്നവർക്ക് വേണ്ടി ആരെങ്കിലും ശബ്ദമുയർത്തിയാൽ അവർ ഭരണകൂടത്താൽ വേട്ടയാടപ്പെടുന്നു. സാധാരണ ജനങ്ങൾക്ക്മേൽ പോലീസും ഭരണകൂടവും കാട്ടിക്കൂട്ടുന്ന ക്രൂരതകളോടൊന്നും നീതിവ്യവസ്ഥയ്ക്ക് അലോസരമില്ല. രാജ്യത്ത് അടിച്ചമർത്തപ്പെടുന്ന ദശലക്ഷക്കണക്കിന് ആളുകൾക്ക് വേണ്ടി ഒരു എഴുത്തുകാരി എഴുതുമ്പോഴാണ് പ്രശ്നം. ഇത്തരം വിധികൾ മഹത്തായ ഈ ജനാധിപത്യ രാഷ്ട്രത്തിലെ നീതിന്യായവ്യവസ്ഥയുടെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കാനേ സഹായിക്കൂ എന്നതിൽ യാതൊരു തർക്കവുമില്ല. ■

**പോക്സോ കോടതിയിലേക്ക്**
**ബഹുജന മാർച്ച്**

**2016 ഏപ്രിൽ 11ന്**
**കൽപ്പറ്റ, രാവിലെ 10.00 മണിക്ക്**
**ഉദ്ഘാടനം: ദയാബായ്**

ആദിവാസി യുവതികളെ പോക്സോ കേസ് എടുത്ത് പീഡിപ്പിക്കുന്നത് അവസാനിപ്പിക്കുക

*ബന്ധങ്ങൾക്ക്: 9497644147*